പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3733 *24.06.2014*-ൽ മറുപടിക്ക്

ഗുരുവായൂർ-തിരുനാവായ റെയിൽ പാത

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിർദ്ദിഷ്ട ഗുരുവായൂർ-തിരുനാവായ റെയിൽപാതയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) യും (സി) യും | 12.05.2010-ൽ കൂടിയ സർവ്വകക്ഷി യോഗത്തിലെ തീരുമാന പ്രകാരം ഗുരുവായൂർ - താനൂർ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് ഗുരുവായൂർ - തിരുനാവായ എന്ന് മാറ്റി തീരുമാനിക്കപ്പെട്ടു.<br>മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ്, നന്നംമുക്ക്, എടപ്പാൾ, മാറഞ്ചേരി, കാലടി, തവന്നൂർ, തിരുന്നാവായ, വെളിയംകോട് ഇഴുവത്തുരിത്തി വില്ലേജുകളിൽ കൂടി നിശ്ചയിച്ചിരുന്ന അലൈൻമെന്റിലെ സർവ്വേ നടപടികൾ ആരംഭിച്ചുവെങ്കിലും പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് മൂലം റവന്യൂ - റെയിൽവേ ഉദ്യോഗസ്ഥർക്ക് സർവ്വേ നടപടികൾ നിർത്തി വയ്ക്കേണ്ടിവന്നു. തുടർന്ന് മലപ്പുറം ജില്ലയിൽ പ്രസ്തുത റെയിൽവേ ലൈനിന്റെ അലൈൻമെന്റ് കനോലി കനാലിന്റെ സമീപത്തുകൂടി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് റെയിൽവേയും മലപ്പുറം ജില്ലാ കളക്ടറും സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു.<br>ഇത്തരത്തിൽ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മാറ്റപ്പെടുമ്പോൾ തൃശ്ശൂർ ജില്ലയിലെ അലൈൻമെന്റ് അതിനനുസരിച്ച് മാറ്റപ്പെടേണ്ടതുണ്ടെന്ന് റെയിൽവേ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ |
| (സി) | പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കളക്ടറോടു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിഷയങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പാത ഉപേക്ഷിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ